15072
8/8/18

കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ജൂലൈ 26<br>26th July 2018<br>1193 കർക്കടകം 10<br>10th Karkadakam 1193<br>1940 ശ്രാവണം 4<br>4th Sravana 1940 | നമ്പർ<br>No. | 2015 |

## കേരള സർക്കാർ

വനം വന്യജീവി വകുപ്പ്

## വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 8/2018/വനം. *തിരുവനന്തപുരം, 2018 ജൂലൈ 25*
*1193 കർക്കടകം 9*
*1940 ശ്രാവണം 3.*

**എസ്. ആർ. ഒ. നമ്പർ 510/2018.**—1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിലെ (1986-ലെ 35) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 1987 മേയ് 4-ാം തീയതിയിലെ 2356/ബി1/87/വനം നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതും 1987 മേയ് 14-ാം തീയതിയിലെ 408-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 664/87-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/2941/2018/S-11.

## ഭേദഗതി

മേൽപ്പറഞ്ഞ വിജ്ഞാപനത്തിൽ,—

(എ) പീഠികയിൽ "താഴെ പട്ടികയിൽ പറയുന്ന പ്രദേശത്ത് നിൽക്കുന്ന യാതൊരു വൃക്ഷവും" എന്ന വാക്കുകൾക്ക് പകരം "താഴെ പട്ടികയിൽ പറയുന്ന പ്രദേശങ്ങളിലെ 1960-ലെ കേരള ഭൂപതിവ് നിയമത്തിന്റെ (1960-ലെ 30) കീഴിലെ ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയിട്ടുള്ള പട്ടയഭൂമികൾ ഒഴികെയുള്ള എല്ലാ ഭൂമികളിലും നിൽക്കുന്ന യാതൊരു വൃക്ഷവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) നിലവിലുള്ള പട്ടികയ്ക്കു പകരം താഴെ പറയുന്ന പട്ടിക ചേർക്കേണ്ടതാണ്, അതായത്:—

### "പട്ടിക

### ജില്ല—ഇടുക്കി

ഭൂമി കിടക്കുന്ന താലൂക്കും വില്ലേജും—24-8-1897-ൽ 1932-ാം പേജ് പ്രകാരം തിരുവിതാംകൂർ സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പ്രകാരമുള്ള അതിർത്തികളനുസരിച്ച് കുമളി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും ഉടുമ്പൻചോല താലൂക്കിൽ ഉൾപ്പെടുന്നതുമായ ആനവിലാസം, ചക്കുപള്ളം, വണ്ടൻമേട്, പാമ്പാടുംപാറ, കൽക്കൂന്തൽ വില്ലേജുകളും അയ്യപ്പൻകോവിൽ റെയിഞ്ചിന്റെ പരിധിയിൽവരുന്നതും ഇടുക്കി താലൂക്കിൽ ഉൾപ്പെടുന്നതുമായ അയ്യപ്പൻകോവിൽ, കട്ടപ്പന, തങ്കമണി, വാത്തിക്കുടി, കാഞ്ചിയാർ, ഉപ്പുതോട് വില്ലേജുകളും അടിമാലി റെയിഞ്ചിന്റെ പരിധിയിൽവരുന്നതും ഉടുമ്പൻചോല താലൂക്കിൽ ഉൾപ്പെടുന്നതുമായ കൊന്നത്തടി വില്ലേജും ദേവികുളം റെയിഞ്ചിന്റെ പരിധിയിൽവരുന്നതും ഉടുമ്പൻചോല താലൂക്കിൽ ഉൾപ്പെടുന്നതുമായ ശാന്തൻപാറ, ചിന്നക്കനാൽ, രാജക്കാട്, രാജകുമാരി, പൂപ്പാറ, കാന്തിപ്പാറ, ചതുരംഗപ്പാറ, ഉടുമ്പൻചോല, കൽക്കൂന്തൽ, ബൈസൺവാലി വില്ലേജുകളും.

### അതിരുകൾ

വടക്ക്:— ബോഡിമേട്ടിൽനിന്നും തൊണ്ടിമല വരെയുള്ള പാതവഴിചെന്ന്, അവിടെ നിന്ന് കുമ്മിക്കൽ, കൂപ്പുകാട്, വെള്ളക്കൽമല, ചൊക്കനാട് മല ഇവയ്ക്ക് ചൊവ്വെ ചെല്ലുന്ന രേഖ.

പടിഞ്ഞാറ്:—ചൊക്കനാട് മല, മുതിരപ്പുഴയും പെരിയാറും ചേരുന്ന സ്ഥലം വരെയും അവിടെനിന്ന് പൊൻമുടി വരെയുള്ള പെരിയാറും.

കിഴക്ക്:— ചെല്ലാർ കോയിൽമെട്ടിൽനിന്നും ബോഡിമേട്ട് വരെയുള്ള ബ്രിട്ടീഷ് അതിർത്തി.

തെക്ക്:—വണ്ടൻമേട് റെയിഞ്ചിലുള്ള എല്ലാ ഏലത്തോട്ടവും ഉൾപ്പെടത്തക്ക വണ്ണം പൊൻമുടി മലയിൽനിന്ന് കൊടമലവരെയുള്ള സ്ഥലവും അവിടെനിന്ന് ബ്രിട്ടീഷ് അതിർത്തിയിൽ ചെല്ലാർകോയിൽമെട്ട് വരെയും.

ഉദ്ദേശ വിസ്തീർണ്ണം:—ഏലപ്പട്ടയ ഏലപ്പാട്ട ഭൂമികളുടെ മൊത്ത വിസ്തൃതിയായ ഉദ്ദേശം 27300 ഹെക്ടർ.''

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വേണു, വി.,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വിലെ ഉദ്ദേശം 15720 ഏക്കർ ഭൂമിയിലെ മരം മുറിക്കുന്നത് തടയുന്നതിനായി 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ (1986-ലെ 35) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ എസ്. ആർ. ഒ. 664/87-ാം നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ് ഏലക്കൃഷി നടത്താനായി ഉദ്ദേശം 27300 ഹെക്ടറിൽ ഏലപ്പട്ടയങ്ങളും ഏലപ്പാട്ടങ്ങളും നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രദേശങ്ങൾ വൃക്ഷങ്ങളുടെ സമൃദ്ധമായ വളർച്ചയ്ക്ക് സഹായകവുമാണ്. ഏലപ്പട്ടയ ഏലപ്പാട്ട ഭൂമികളിലെ വൃക്ഷസമ്പത്തിന്റെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാണ്. ആയത് നശിപ്പിക്കുന്നത് മണ്ണൊലിപ്പ്, ഉരുൾപ്പൊട്ടൽ തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളും സർക്കാരിന് ഭീമമായ സാമ്പത്തിക നഷ്ടവും ഉണ്ടാക്കും. കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ പുതിയതായി ഇടുക്കി താലൂക്കും ഏതാനും വില്ലേജുകളും കൂടി രൂപീകൃതമായിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ 1960-ലെ കേരള ഭൂപതിവ് നിയമത്തിൻ (1960-ലെ 30) കീഴിലെ ചട്ടങ്ങൾപ്രകാരം പതിച്ചു നൽകിയിട്ടുള്ള പട്ടയഭൂമികൾ ധാരാളമുള്ളതിനാൽ അവിടത്തെ വൃക്ഷസംരക്ഷണ സംഗതികളിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെടുകയും പ്രസ്തുത ആവശ്യത്തിനായി എസ്. ആർ. ഒ. 664/87 ആയി പുറപ്പെടുവിച്ച വിജ്ഞാപനം ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.